**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5655** **03-11-2021 - ൽ മറുപടിയ്ക്ക്**

**കുണ്ടറ പെരുമ്പുഴ ബിവറേജസ് ഔട്ട് ലെറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ജനവാസ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട് ലെറ്റുകൾ മൂലം പൊതുജനം നേരിടുന്ന ബുദ്ധിമുട്ടുകളെ കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതി പരിഹരിക്കുന്നതിന് വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശമദ്യ ചില്ലറവിൽപ്പന ശാലകളിൽ മദ്യം വാങ്ങാൻ വരുന്നവരുടെ തിരക്ക് ഗതാഗത തടസ്സത്തിന് കാരണമായതിനെത്തുടർന്നു WP(C) No.13498/2021 നമ്പരായി ബഹുമാനപ്പെട്ട കേരള ഹൈ കോടതി സ്വമേധയാ പൊതുതാല്പര്യ ഹർജി എടുത്തിട്ടുള്ളതുമാണ്. ആയതിനെ തുടർന്ന് സംസ്ഥാനത്തെ എല്ലാ FL1 വിദേശമദ്യ ചില്ലറ വിൽപ്പനശാലകളിലും കൂടുതൽ കൗണ്ടറുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള എല്ലാ കൗണ്ടറുകൾ വഴിയും ഷോപ്പുകൾ പ്രവർത്തിക്കുന്ന സമയമത്രയും മദ്യം വിതരണം ചെയ്യുവാനും കൺസ്യൂമർഫെഡിനും ബിവറേജസ് കോർപ്പറേഷനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സംസ്ഥാനത്ത് ആകെയുള്ള 306 FL-1 വിദേശമദ്യ ചില്ലറ വിൽപ്പന ശാലകളിൽ നിലവിൽ സെൽഫ് സർവ്വീസ് കൗണ്ടറുകൾ ഇല്ലാത്തവയിൽ സ്ഥലസൗകര്യം ഉള്ള 47 ഷോപ്പുകളിൽ സെൽഫ് സർവ്വീസ് കൗണ്ടറുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഉപഭോക്താക്കൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളോ, പാർക്കിംഗ് സൗകര്യമോ ഇല്ലാത്തതും ആയവ ഒരുക്കുന്നതിനുള്ള സ്ഥലസൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദേശ മദ്യ ഷോപ്പുകൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടും,ഗതാഗത തടസ്സവും ഉണ്ടാക്കാത്ത അനുയോജ്യമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. അപ്രകാരം 9 FL1 ഷോപ്പുകൾ മാറ്റി സ്ഥാപിച്ചിട്ടുള്ളതാണ്. ഇത് കൂടാതെ സെക്യൂരിറ്റി ഗാർഡിനെ നിയമിച്ച് തിരക്ക് നിയന്ത്രിച്ച് ബുദ്ധിമുട്ട് ഒഴിവാക്കാൻ ശ്രമിക്കുന്നുണ്ട്. ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചും, കമ്പ്യൂട്ടർ |

| | | | |
|---|---|---|---|
| | | | അധിഷ്ഠിത/ഓൺലൈൻ ബുക്കിംഗ് സംവിധാനം എന്നിവ ഏർപ്പെടുത്തിയും തിരക്ക് നിയന്ത്രിക്കുന്നുണ്ട്. |
| (ബി) | പൊതുജനങ്ങൾക്കും സമീപവാസികൾക്കും ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധം പ്രത്യേക പാർക്കിംഗ് ഏരിയ ക്രമീകരിക്കണമെന്ന ഹൈക്കോടതി ഉത്തരവ്, കുണ്ടറ നിയോജകമണ്ഡലത്തിലെ പെരുമ്പുഴയിൽ പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട് ലെറ്റിൽ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവ് പാലിച്ചിട്ടില്ലായെങ്കിൽ ആയത് പാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (ബി) | കുണ്ടറ നിയോജകമണ്ഡലത്തിലെ പെരുമ്പുഴയിൽ പ്രവർത്തിയ്ക്കുന്ന ബിവറേജസ് ഔട്ട് ലെറ്റിന്റെ കോമ്പൗണ്ടിനുള്ളിൽ പൊതുജനങ്ങൾക്കും സമീപവാസികൾക്കും ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ പാർക്കിംഗ് ഏരിയ സജ്ജീകരിച്ചിട്ടുള്ളതാണ്. ടി പാർക്കിംഗ് ഏരിയയ്ക്ക് ഏകദേശം 200 ചതുരശ്രമീറ്റർ വിസ്തൃതിയുണ്ട്. |
| (സി) | മേൽപ്പറഞ്ഞ കുണ്ടറ പെരുമ്പുഴ ബിവറേജസ് ഔട്ട് ലെറ്റിന് പുറകു വശത്തുള്ള കല്ലുംപുറം പട്ടികജാതി കോളിനിയിൽ നിന്നും മതിയായ ദൂരപരിധി അളക്കണമെന്ന നിർദ്ദേശം, പരാതിക്കാരുടെ സാന്നിധ്യത്തിലാണോ എക്സൈസ് അധികൃതർ നിർവ്വഹിച്ചിട്ടിള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | പരാതിക്കാരുടെ സാന്നിദ്ധ്യത്തിൽ ദൂരപരിധി അളന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. |
| (ഡി) | പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ലെങ്കിൽ പരാതിക്കാരുടെ സാന്നിധ്യത്തിൽ ദൂരപരിധി അളക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | മറുപടി (സി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ